LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് 27-5-2021-ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗ-ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിന്റെയും ചികിത്സയുടെയും ഏകോപനത്തിനും മേൽനോട്ടത്തിനുമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ഇ) ബ്ലാക്ക് ഫംഗസ് രോഗ ചികിത്സയ്ക്കുവേണ്ടിയുള്ള മരുന്നിന് കേരളത്തിൽ ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബ്ലാക്ക് ഫംഗസ് രോഗ ചികിൽസയ്ക്ക് ഉപയോഗിക്കുന്ന ലിപ്പോസോമൽ ആംഫോടെറസിൻ ബി എന്ന ആന്റി ഫംഗൽ മരുന്ന് കേന്ദ്രസർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് ആണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. രാജ്യമൊട്ടാകെ ബ്ലാക്ക് ഫംഗസ് രോഗബാധ ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഈ മരുന്നിന് അഖിലേന്ത്യാ തലത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത്തരത്തിൽ ലഭ്യതക്കുറവ് ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സംസ്ഥാനത്തിന് ആവശ്യമായ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസിനും കേന്ദ്ര ആരോഗ്യ വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ലഭ്യതയനുസരിച്ച് കേരള സംസ്ഥാനത്തിനുള്ള വിഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് അനുവദിച്ച് നൽകുന്നുണ്ട്.

കോവിഡ് വാക്സിൻ സംബന്ധിച്ച്

211 (223) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണവും അവരിൽ എത്രപേർ കോവിഡ് ബാധിച്ച് മരണപ്പെട്ടുവെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കോവിഡ് വാക്സിന്റെ ഒന്നും രണ്ടും ഡോസുകൾ സ്വീകരിച്ചവരുടെയും ഒന്നാം ഡോസ് സ്വീകരിച്ചശേഷം കോവിഡ് ബാധ കാരണം മരിച്ചവരുടെയും രണ്ടാം ഡോസ് സ്വീകരിച്ചശേഷം കോവിഡ് ബാധ കാരണം മരിച്ചവരുടെയും എണ്ണം (4-6-2021-ലെ കണക്കനുസരിച്ച്) ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ വാക്സിൻ രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; cowin രജിസ്ട്രേഷൻ സൈറ്റ് പലപ്പോഴും ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ?

കോവിഡ് വാക്സിൻ തുടക്കം മുതൽ (2021 ജനുവരി 16 മുതൽ) നൽകുന്നത് കേന്ദ്രസർക്കാരാണ്. തുടക്കത്തിൽ ആരോഗ്യ മേഖലയിൽ പ്രർത്തിക്കുന്നവർക്കാണ് വാക്സിൻ നൽകിയത്. അതിനുശേഷം മുന്നണിപ്പോരാളികൾക്ക് (പോലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ) ഫെബ്രുവരി 11 മുതലാണ് വാക്സിൻ നൽകിയത്. അടുത്ത ഘട്ടമായി മാർച്ച് 1 മുതൽ 60 വയസ്സ് കഴിഞ്ഞവർക്കും മറ്റ് അനുബന്ധരോഗങ്ങളുള്ള 45 വയസ്സിന് മുകളിലുള്ളവർക്കും നൽകിത്തുടങ്ങി. ഏപ്രിൽ 1 മുതൽ 45 വയസ്സിന് മുകളിലുള്ള എല്ലാവർക്കും നൽകിത്തുടങ്ങി. ഇത്രയും ജനങ്ങൾക്കുള്ള വാക്സിൻ കേന്ദ്രസർക്കാർ സൗജന്യമായി എല്ലാ സംസ്ഥാനങ്ങൾക്കും നൽകിവരുന്നു. വാക്സിൻ വിതരണം ഓരോ ഏജ് ഗ്രൂപ്പിനും ഓരോ സംസ്ഥാനത്തിന്റെ ടി ഏജ് ഗ്രൂപ്പിലെ അർഹരായ ജനസംഖ്യയുടെ എണ്ണത്തിനനുസരിച്ചാണ് കേന്ദ്രസർക്കാർ വാക്സിൻ നൽകിവരുന്നത്. ഇതുപ്രകാരം കേരളത്തിൽ ആവശ്യമായ വാക്സിനുകൾ രാജ്യത്തെ ലഭ്യതയനുസരിച്ച് കേന്ദ്രസർക്കാർ നൽകിവരുന്നു. ഇതുവഴി ലഭിച്ച വാക്സിൻ കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലകളുടെ ആവശ്യപ്രകാരവും വാക്സിൻ ലഭ്യതയനുസരിച്ചും നൽകി വരുന്നു. 18-44 വയസ്സുവരെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരിൽ കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 19-5-2021-ലെ G.O.(Rt) No. 1102/ 2021/ H&FWD ഉത്തരവ് പ്രകാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

32 വിഭാഗങ്ങളിലെ 18-44 വയസ്സിനിടയിലുള്ളവരെ മുൻനിരപ്പോരാളികളായി കണക്കാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ 24-5-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.1114/2021/H&FWD പ്രകാരം 11 വിഭാഗങ്ങളെക്കൂടി ഇത്തരത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് 2-6-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt) No.1179/2021/ H&FWD പ്രകാരം 13 വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുകയുണ്ടായി. ഇതോടൊപ്പം തന്നെ 18-44 പ്രായപരിധിയിലുള്ള അനുബന്ധ രോഗമുള്ളവർക്കും സർക്കാർ ചെലവിൽ വാക്സിൻ സൗജന്യമായി നൽകി വരുന്നു. കേരള സർക്കാരിന്റെ തീരുമാനപ്രകാരം കോവിഡ് രോഗികളുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന വിഭാഗത്തിലുള്ളവരെയാണ് മുന്നണിപ്പോരാളികളായി സർക്കാർ കണക്കാക്കിയിരിക്കുന്നത്. 2-6-2021-വരെ 57 വിഭാഗത്തിൽപ്പെട്ടവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. COWIN രജിസ്ട്രേഷൻ സൈറ്റ്, കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയമാണ് തയ്യാറാക്കി ഉപയോഗത്തിൽ വരുത്തിയത്.

(സി) 45 വയസ്സിന് മുകളിലുള്ള എത്രപേർ വാക്സിൻ ലഭിക്കാൻ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അപ്രകാരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ട് വാക്സിനേഷൻ കേന്ദ്രം ലഭ്യമാകാത്ത എത്രപേർ ഉണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

COWIN വെബ്സൈറ്റിൽ ഇങ്ങനെ ഒരു വിവരം ലഭ്യമല്ല.

കോവിഡ് ചികിത്സ

212 (224) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ കോവിഡ് ചികിത്സയ്ക്ക് അനുവദിച്ചതും ഏർപ്പെടുത്തിയതുമായ സൗകര്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു: